"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം - അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ശ്യാം. എസ് [PEN No.858781] -ന്റെ റീബിൽഡ് കേരള ഇൻഷ്യേറ്റിവ് പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.1704/2024/LSGD തീയതി,തിരുവനന്തപുരം, 13-09-2024

---

പരാമർശം:-

1. 26.04.2019-ലെ സ.ഉ(സാധാ)നം.894/2019/തസ്വഭവ നമ്പർ ഉത്തരവ്.
2. 22.12.2023-ലെ സ. ഉ(സാധാ)നം. 2547/2023/തസ്വഭവ നമ്പർ ഉത്തരവ്.
3. 30.05.2024-ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD / PD / 15677 / 2024 - DEA6 നമ്പർ കത്ത്.
4. 12.06.2024-ലെ പ്രൊജക്റ്റ് ഡയറക്ടറുടെ A1 /336 / 2020 / PMULSGD നമ്പർ കത്ത്.

ഉത്തരവ്

റീബിൽഡ് കേരള ഇൻഷ്യേറ്റിവ് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ സേവനമനുഷ്ഠിച്ചുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ശ്യാം. എസ്-ന്റെ അന്യത്രസേവന കാലാവധി പരാമർശം (2) പ്രകാരം ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചിരുന്നു. ടിയാന്റെ അന്യത്ര സേവന കാലയളവ് 13.06.2024-ന് അവസാനിച്ചതിനെത്തുടർന്ന് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനായി പ്രൊജക്റ്റ് ഡയറക്ടർ സമർപ്പിച്ച പരാമർശം( 4 ) ശിപാർശയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(3) പ്രകാരം നിരാക്ഷേപപത്രം ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർശം(1) പ്രകാരം സ്ഥാപിതമായ ആർ. കെ. ഐ - പി. എം. യു-ന്റെ പ്രവർത്തന കാലാവധി അവസാനിക്കാറായിട്ടുണ്ടെങ്കിലും, അത് ഏറ്റെടുത്ത ചില പദ്ധതികൾ ഇനിയും പൂർത്തീകരിക്കാനുള്ള സാഹചര്യം കണക്കിലെടുത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ശ്യാം. എസ് -ന്റെ PMU RKI -ലെ അന്യത്രസേവന കാലാവധി 14.06.2024 മുതൽ ഒരു വർഷത്തേക്ക് കൂടി അല്ലെങ്കിൽ RKI-യുടെ പ്രവർത്തനാനുമതി അവസാനിക്കുന്നത് വരെ,

ഇവയിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ എന്ന വ്യവസ്ഥയോട് കൂടി നിലവിലെ അന്യത്ര സേവന വ്യവസ്ഥകൾക്കും കെ. എസ്. ആർ ഭാഗം I ചട്ടം 140(സി) -യിലെ നിബന്ധനകൾക്കും വിധേയമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ), തൃശ്ശൂർ.
4. പ്രൊജക്ട് ഡയറക്ടർ, PMU RKI, തിരുവനന്തപുരം.
5. ശ്രീ. ശ്യാം. എസ്, അസി. എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

Signed by
ഉത്തരവിൻ പ്രകാരം
Keerthi I P
Date: 13-09-2024 15:08:53
സെക്ഷൻ ഓഫീസർ